# പതിനാലാം കേരള നിയമസഭ
# (പതിനെട്ടാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1431** **06.02.2020-ൽ മറുപടിയ്ക്ക്**

## കാസർകോഡ് മണ്ഡലത്തിലെ തീരദേശ റോഡുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എൻ .എ.നെല്ലിക്കുന്ന് | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| എ) കാസർകോഡ് നിയോജക മണ്ഡലത്തിൽ പുനർനിർമ്മാണം നടത്തേണ്ട എത്ര തീരദേശ റോഡുകളുണ്ടെന്ന് വ്യക്തമാക്കാമോ; | എ) മത്സ്യബന്ധന മേഖലയുടെ പശ്ചാത്തല വികസനത്തിന് ഏറ്റവും അത്യാവശ്യം വരുന്ന റോഡുകളാണ് തീരദേശ റോഡുകളുടെ പുനരുദ്ധാരണം എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി ചെയ്തു വരുന്നത്.<br>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് നിയോജക മണ്ഡലത്തിൽ തീരദേശ റോഡുകളുടെ അംഗീകൃത ലിസ്റ്റിൽ ഉൾപ്പെടുത്തി പുനരുദ്ധാരണത്തിനായി 23 റോഡുകളാണ് ശുപാർശ ചെയ്തിരുന്നത്.<br>23 റോഡുകളിൽ 4 റോഡുകൾ സ്ഥലം ലഭ്യമല്ലാത്തതിനാലും മറ്റ് വകുപ്പുകൾ മുഖേന ഏർപ്പെടുത്തിയതിനാലും പുനരുദ്ധാരണത്തിനായി പരിഗണിച്ചില്ല. രണ്ട് റോഡ് പ്രവൃത്തികൾ കാസർഗോഡ് വികസന പാക്കേജിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ചു. 2 റോഡുകൾക്ക് കേടുപാടുകൾ ഒന്നും തന്നെ ഇല്ലാത്തതിനാൽ പരിഗണിച്ചിട്ടില്ല. 2 റോഡുകൾ പ്രദേശവാസികളാണ് അംഗീകൃത ലിസ്റ്റിലേയ്ക്ക് ശുപാർശ ചെയ്തിരുന്നത്. സർക്കാർ മാർഗ്ഗ നിർദ്ദേശാനുസരണം പഞ്ചായത്ത് കമ്മിറ്റി തീരുമാനം ലഭ്യമാകാതിരുന്നതിനാൽ ടി റോഡുകൾ പുനഃരുദ്ധാരണത്തിനായി പരിഗണിച്ചിട്ടില്ല. 12 റോഡുകളുടെ എസ്റ്റിമേറ്റിൽ 9 റോഡുകൾക്ക് ഭരണാനുമതി നൽകി. ഒരു റോഡിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |

| | | | |
|---|---|---|---|
| ബി) | പുനർനിർമ്മാണത്തിന് എസ്റ്റിമേറ്റ് ലഭിച്ചിട്ടും ഭരണാനുമതി ലഭിക്കാത്ത എത്ര റോഡുകൾ മണ്ഡലത്തിലുണ്ടെന്ന് വ്യക്തമാക്കാമോ; | ബി) & സി) | തീരദേശ റോഡുകളുടെ പുനഃരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി കാസർഗോഡ് നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട 12 റോഡുകളിൽ 9 എണ്ണത്തിന് ഭരണാനുമതി നൽകി. |
| സി) | പ്രസ്തുത റോഡുകളുടെ പുനർനിർമ്മാണ ത്തിന് ഭരണാനുമതി എപ്പോൾ നൽകാനാകുമെന്ന് വ്യക്തമാക്കാമോ; | | |
| ഡി) | ഭരണാനുമതി ലഭിച്ചതും ടെണ്ടർ നടപടികൾ പൂർത്തിയായിട്ട് പ്രവൃത്തി കൾ തുടങ്ങാത്തതുമായ മണ്ഡലത്തിലെ തീരദേശ റോഡുകൾ ഏതൊക്കെയാ ണെന്ന് വ്യക്തമാക്കാമോ? | ഡി) | ഭരണാനുമതി നൽകിയ എല്ലാ റോഡുകളുടെയും ടെണ്ടർ നടപടികൾ പൂർത്തിയാക്കി പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. |

**സെക്ഷൻ ആഫീസർ**